വചനത്തിലെ
പഴമൊഴികൾ

# KIDS CORNER

## കണ്ണിന് പകരം കണ്ണ് (മത്താ:5:38)




"പകയില്ലാതെ സുരേഷിന്റെ കുടുംബം" ദിന പത്രം മറിച്ച കത്രീനാമ്മച്ചി തലക്കെട്ട് വായിച്ച് ദൈവത്തിന് നന്ദി പറഞ്ഞു. കണ്ണിന് പകരം കണ്ണ്, പല്ലിന് പകരം പല്ല് എന്ന ചിന്ത മാറ്റി, **'നിന്നോടു ചോദിക്കുന്നവന് കൊടുക്ക'** എന്ന ദൈവവചനം അറിയാൻ പാടില്ലാത്ത ഈ കുഞ്ഞുങ്ങൾക്ക് അത് പ്രാവർത്തികമാക്കുവാൻ സഹായിച്ച ദൈവത്തിന് നന്ദി. അതിനായി പ്രവർത്തിച്ച എല്ലാവർക്കും വേണ്ടി അമ്മച്ചി പ്രാർത്ഥിച്ചു.

അമ്മച്ചിയുടെ പ്രാർത്ഥന കേട്ട് അപ്പുക്കുട്ടൻ കാര്യം തിരക്കി. നാലുമണിക്ക് പറയാമെന്നുള്ള കരാറിൽ കൊച്ചുമക്കൾ വിദ്യാലയത്തിലേക്ക് പോകുകയും ചെയ്തു. വൈകിട്ട് മക്കളോട് അമ്മച്ചി കാര്യം പറയുവാൻ ആരംഭിച്ചു. പഴയനിയമകാലത്ത് പകരത്തിന് പകരം എന്നതായിരുന്നു നിയമം. 'ഒടിവിനു പകരം ഒടിവ്, കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്' ഇങ്ങനെ അവൻ മറ്റേവന് കേടുവരുത്തിയതുപോലെ തന്നെ അവനും വരുത്തേണം. മനുഷ്യനെ കൊല്ലുന്നവൻ മരണശിക്ഷയും അനുഭവിക്കേണം എന്ന് (ലേവ്യ.24:20,21) വാക്യങ്ങളിൽ പറയുന്നു അതായത് ഒരാൾ ചെയ്യുന്ന ഉപദ്രവത്തിന് അതേ നാണയത്തിൽ തിരികെ കൊടുക്കുക. ഒരിക്കൽ ഒരു എബ്രായനെ ഒരു മിസ്രേമ്യൻ അടിച്ചുകൊന്ന് മണലിൽ മറവു ചെയ്തു പ്രതികാരത്തിന്റെ ഈ അടങ്ങാത്ത ആവേശം യേശു മാറ്റിമറിച്ചു. യേശുവിന്റെ ശ്രോതാക്കളുടെ നാവിൻതുമ്പിലും പഴഞ്ചൊല്ലായി കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന നിയമം ഉണ്ടായിരുന്നു. എന്നാൽ കർത്താവ് പറയുന്നത് തിന്മയെ നന്മ കൊണ്ട് ജയിക്കണമെന്നത്രെ. ദുഷ്ടനോട് എതിർക്കരുത് (മത്താ 5:29) കൂടാതെ മത്താ (5:42) ൽ പറയുന്നു നിന്നോട് യാചിക്കുന്നവന് കൊടുക്കുക എന്ന് . തന്നെ തല്ലിച്ചതച്ച് ക്രൂശിച്ച പടയാളികളെ നോക്കി യേശു പ്രാർത്ഥിച്ചത് പിതാവേ ഇവരോട് ക്ഷമിക്കണമെന്നത്രെ.

മരണശിക്ഷ വിധിച്ച സിമിലിന്റെ കുടുംബത്തിന്റെ ദയനീയ സ്ഥിതി കേട്ട് അവന് മാപ്പു നൽകിയ സുരേഷിന്റെ കുടുംബത്തിന്റെ സന്മനസ്സിനെ പറ്റിയാണ് അമ്മച്ചി പത്രത്തിൽ വായിച്ചത്. സിമിലിന് യാദൃശ്ചികമായി പറ്റിയ ഒരു കൈപ്പിഴ മൂലം ഉണ്ടായ മരണം ക്ഷമിക്കുകയും കരാറിൽ ഭാര്യ രമാദേവി ഒപ്പു വയ്ക്കുകയും ചെയ്തു. പകരത്തിന് പകരം ആർക്കും ഗുണം ചെയ്കയില്ല എന്ന് മനസ്സിലാക്കിയ സുരേഷിന്റെ മാതാവും അതിന് അനുവാദം

നൽകി. പണത്തിന് മൂല്യം അളക്കുവാൻ കഴിയാത്ത സൽകൃത്യത്തിന്റെ രേഖയിലാണ് അവർ ഒപ്പുവച്ചത്.

മക്കളെ ! യേശു നമ്മെ ക്ഷമിക്കുവാനാണ് പഠിപ്പിച്ചത്. അത് മറക്കരുത് നമുക്ക് സുരേഷ് അങ്കിളിന്റെ കുടുംബത്തെ അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കണം. കത്രീനാമ്മച്ചി യുടെ കൊച്ചുമക്കൾ അവരുടെ ഉള്ളിൽ തട്ടി പറഞ്ഞ ഈ വാക്കുകൾ അമ്മച്ചിയ്ക്ക് സന്തോഷം നൽകി.

**നിങ്ങളും പ്രാർത്ഥിക്കുമോ ഉപദ്രവിക്കുന്നവർക്കായി ?**

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind